## ആമുഖം

ഓച്ചിറ ഗ്രാമപഞ്ചായത്ത് 2025-30 വർഷത്തെ ഭരണസമിതിയുടെ ഒന്നാമത്തെ ബജറ്റും, കെ-സ്മാർട്ട് വഴി ഡിജിറ്റൽ മാർഗ്ഗത്തിലൂടെ ആദ്യമായി തയ്യാറാക്കിയതുമായ ബജറ്റാണ് ഇന്ന് വൈസ് പ്രസിഡൻറും, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണുമായ ശ്രീമതി. മുബീന നാസിം അവതരിപ്പിക്കുന്നത്. ജനാതിപത്യത്തിന്റ ശക്തി ജനങ്ങളുടെ പങ്കാളിത്തത്തിലാണ്. ആ ജനവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിയ്ക്കുന്ന ഓച്ചിറ ഗ്രാമ പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് ഈ കമ്മറ്റി മുമ്പാകെ അവതരിപ്പിയ്ക്കുമ്പോൾ, ഇത് ഒരു അക്കൌണ്ടിംഗ് രേഖ മാത്രമല്ല – ജനങ്ങളുടെ സ്വപനങ്ങളുടെയും പ്രതീക്ഷകളുടേയും വികസന പ്രഖ്യപനവുമാണ് എന്ന് ഞാൻ ഉറച്ച വിശ്വാസത്തോടെ പറയുന്നു.

കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ അഭിമാനമായി നിലകൊള്ളുന്ന ഓച്ചിറയുടെ വികസന യാത്രയിലെ മറ്റൊരു സുപ്രധാന ഘട്ടമായ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് നയപ്രഖ്യാപനം ഈ കമ്മറ്റി മുൻപാകെ അവതരിപ്പിക്കാനായതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഓച്ചിറയുടെ മണ്ണ് കാർഷിക സമൃദ്ധിയുടെ ചരിത്രം പറയുന്ന മണ്ണാണ്. പാടശേഖരങ്ങളും, നെൽവയലുകളും, പച്ചക്കറിവിളകളും, തെങ്ങും കായും നിറഞ്ഞ ഈ നാടിന്റെ ജീവിതരക്തം കാർഷിക മേഖലയാണ്. പരമ്പരാഗത കൃഷിരീതികളിൽ നിന്ന് ആധുനിക കാർഷിക സാങ്കേതിക വിദ്യകളിലേക്കുള്ള മാറ്റത്തിൽ ഓച്ചിറ കർഷകർ എന്നും മുന്നിലാണ്. ഓച്ചിറയുടെ സാമൂഹ്യ-ആധ്യാത്മിക പൈതൃകത്തിൽ പ്രധാന സ്ഥാനമുള്ള ഓച്ചിറ പരബ്രഹ്മക്ഷേത്രവും വാർഷിക ഉത്സവങ്ങളായ ഓച്ചിറ കളിയും, കാളകെട്ട് ഉൽസവവും, വൃശ്ചികോൽസവവും നമ്മുടെ നാട്ടിന്റെ ഐക്യവും സാംസ്കാരിക വൈവിധ്യവും പ്രതിഫലിപ്പിക്കുന്നു. ഓച്ചിറ ക്ഷേത്ര ഗോപുരത്തിന്റെ കൈയ്യെത്തും ദൂരത്ത് ഓച്ചിറ ടൌൺ പള്ളി സ്ഥിതി ചെയ്യുന്നു. മതമൈത്രിയുടെ പൈതൃകം വിളിച്ചോതുന്ന പുണ്യഭൂമിയായ ഓച്ചിറയുടെ പൈതൃകം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ഈ സാംസ്കാരിക പൈതൃകവും കാർഷിക പാരമ്പര്യവും സംരക്ഷിച്ചുകൊണ്ട് സമഗ്ര വികസനമാണ് ഈ വർഷത്തെ ബജറ്റിന്റെ ലക്ഷ്യം.

ഓച്ചിറയുടെ വികസന ചരിത്രം പരിശോധിയ്ക്കുമ്പോൾ കുറേയേറെ നല്ല ആശയങ്ങൾ തീരുമാനങ്ങൾ വികസന സങ്കൽപ്പങ്ങൾ എന്നിവ, യാഥാർത്ഥ്യബോധത്തോടെ, അപ്രായോഗികത ഒഴിവാക്കി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് നമുക്ക് കാണാം. വ്യക്തമായ കാഴ്ചപ്പാടും സമയക്രമവും, അശ്രാന്ത പരിശ്രമവും കൂടിചേരുമ്പോൾ വികസന പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തിക്കാൻ പൂർണ്ണമായും നമുക്ക് സാധിക്കും എന്നതിൽ സംശയമില്ല. കുടിവെള്ള പദ്ധതി ശക്തിപ്പെടുത്തൽ, ഗ്രാമീണ റോഡ് നവീകരണം, സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമ പദ്ധതി, ഭവന നിർമാണ സഹായങ്ങൾ, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, ലൈബ്രറി നവീകരണം, വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും ക്ഷേമപദ്ധതികൾ, സ്ത്രീശക്തീകരണ പദ്ധതികൾ എന്നിവ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് നാം പരിശ്രമിച്ച് വരുകയാണ്.

നിലവിലെ ജീവിതസാഹചര്യങ്ങളിലും സാമൂഹിക വ്യവസ്ഥയിലും മാറ്റമുണ്ടാക്കാൻ കഴിയുകയാണെങ്കിൽ മാത്രമേ നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ പ്രഖ്യാപനങ്ങൾക്ക് പ്രസക്തി ഉണ്ടായുകയുള്ളൂ അത്തരമൊരു കാഴ്ചപ്പാടിലൂന്നിയുള്ള വികസനസങ്കൽപ്പമാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് മുന്നോട്ട് വെക്കാനുള്ളത്. 2026-27 വർഷത്തെ മാത്രമല്ല വരാനുള്ള അഞ്ച് വർഷങ്ങളുടെ അടിസ്ഥാനം എന്ന നിലയിൽ കൂടിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ജനകീയ പങ്കാളിത്തത്തോടെ വികസന, ക്ഷേമ, സേവന പദ്ധതികൾ പൂർണ്ണതിയിൽ എത്തിയ്ക്കുക എന്നതാണ് ഇതിലൂടെ നാം ലക്ഷ്യമിടുന്നത്.

പഞ്ചായത്തിന്റെ തനത് വരമാനത്തിന്റെ പ്രധാന സ്രോതസ്സായ കെട്ടിട നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും ആയതിന് കഴിയും എന്നാണ് നിലവിലെ പ്രവർത്തനങ്ങളിൽ നിന്നും മനസ്സിലാക്കുന്നത്. വിഭവ സമാഹരണം പൂർണ്ണതോതിൽ ലഭ്യമായാൽ മാത്രമേ വികസന പ്രവർത്തനങ്ങളും കാര്യക്ഷമമാകൂ എന്നതിനാൽ പഞ്ചായത്തിന് ലഭിയ്ക്കേണ്ട എല്ലാ നികുതികളും, മറ്റ് വരവുകളും കൃത്യമായി ലഭിയ്ക്കാനുള്ള നടപടികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിയ്ക്കുന്ന അനിവാര്യ ചുമതലകളും, പൊതു ചുമതലകളും വിപുലമാണെങ്കിലും സാമ്പത്തികമായുള്ള പരാധീനതകൾ പല പദ്ധതികൾക്കും തടസ്സമാകുന്നുണ്ട്. പദ്ധതി നടത്തിപ്പിന് പ്രധാന സ്രോതസ്സ് വികസനഫണ്ടാണ് ഇതിനോടൊപ്പം തന്നെ ധനകാര്യ കമ്മീഷൻ ഗ്രാന്റും, തനത് ഫണ്ടും, മെയിന്റനൻസ് ഫണ്ടും, മറ്റ് തദ്ദേശ സ്ഥാപന വിഹിതവും, മറ്റ് സർക്കാർ ഗ്രാന്റുകളും എല്ലാം ഉപയോഗപ്പെടുത്തിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട മേഖലയിലെ നമ്മുടെ പദ്ധതികൾ പൂർണ്ണതോതിൽ നടപ്പാക്കുന്നതിനുള്ള പരിശ്രമമാണ് നമുക്കുള്ളത്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയും, ഓച്ചിറയെ മാലിന്യമുക്തമാക്കാൻ ആവിഷ്കരിച്ച് നടപ്പാക്കിയ ഓച്ചിറ ഗാർഡൻ സിറ്റി പദ്ധതിയും ഒരു പരിധിവരെ ഓച്ചിറയെ മാലിന്യ മുക്ത ഗ്രാമമാക്കുന്നതിന് നമ്മെ സഹായിച്ചിട്ടുണ്ട്. ഇതൊരു തുടർ പ്രക്രിയയായതിനാൽ വരും വർഷങ്ങളിലും ഈ പ്രവർത്തികൾ നമുക്ക് തുടരേണ്ടതായിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) 2025 എന്ന പേരിൽ പുനരവതരിപ്പിക്കപ്പെടുകയാണ്. 125 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കപ്പെടുമെന്നാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ദാരിദ്ര്യ ലഘൂകരണത്തിന് കാതലായ മാറ്റം ഉണ്ടാക്കിയ ഈ മേഖലയിൽ പുതിയ നിയമത്തിന്

അനുസരണമായുള്ള പദ്ധതികൾ നമുക്ക് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതായി വരും എന്നുള്ളത് വസ്തുതയാണ്.

2026-27 വർഷത്തിൽ നെൽവയൽ സംരക്ഷണവും ഉൽപാദന വർധനവും, ജൈവകൃഷി പ്രോത്സാഹനം, കർഷക കൂട്ടായ്മകൾക്കും വനിതാ കർഷകസംഘങ്ങൾക്കും സഹായം, കൃഷിയുമായി ബന്ധപ്പെട്ട ചെറുകിട സംരംഭങ്ങൾ എന്നിവക്ക് മുൻഗണന നൽകുന്നതാണ്. ക്ഷീര കർഷകരെ പ്രോൽസാഹിപ്പിയ്ക്കുന്നതിനും, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും, സ്ത്രീകൾക്ക് വരുമാന മാർഗ്ഗങ്ങൾ ലഭിയ്ക്കുന്നതിനുള്ള പദ്ധതികൾക്ക് ഊന്നൽ നൽകുന്നതിനുമുള്ള നടപടികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ റോഡ് നവീകരണം, സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമ പദ്ധതി, ഭവന നിർമാണ സഹായങ്ങൾ, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, ലൈബ്രറി നവീകരണം, വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും ക്ഷേമപദ്ധതികൾ, സ്ത്രീശക്തീകരണ പദ്ധതികൾ ഈ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. ഹരിതവും സുസ്ഥിരവുമായ ഓച്ചിറ എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിന് കാലാവസ്ഥാ മാറ്റത്തിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു.

കാലാവസ്ഥാ വ്യതിയാനത്തെയും പാരിസ്ഥിതിക അസന്തുലിതാവസ്ഥയെയും മറികടക്കുന്നതിനായി ആവിഷ്കരിച്ച കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് ഈ പദ്ധതി പ്രത്യേക ഊന്നൽ നൽകുന്നു. ഓച്ചിറയുടെ മണ്ണിൽ വളർന്ന അമ്മതെങ്ങിൽ നിന്നും ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ നമ്മുടെ കാലാവസ്ഥയ്ക്കും, ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത് ഓച്ചിറയുടെ കേരപൈതൃകം സംരക്ഷിക്കുന്നതിനുള്ള നൂതന പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള ഒരു പരിശ്രമം കൂടിയാണ് നമ്മുടെ ബജറ്റിൽ വിഭാവനചെയ്തിട്ടുള്ളത്. ഓച്ചിറയുടെ കാർഷിക പൈതൃകവും സാംസ്കാരിക മഹത്വവും സംരക്ഷിച്ച്, ജനകീയ പങ്കാളിത്തത്തോടെ സമഗ്രവും സുസ്ഥിരവുമായ വികസനം കൈവരിക്കുക എന്നതാണ് 2026-27 ബജറ്റിന്റെ ദർശനം. ഈ ബജറ്റ് ജനങ്ങളുടെ പ്രതീക്ഷകൾക്ക് ഒത്തുനിൽക്കുന്ന, ഭാവി തലമുറയ്ക്ക് വഴികാട്ടിയാകുന്ന ഒരു വികസന രേഖയായിരിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു.

സ്നേഹാദരങ്ങളോടെ,

(ഒപ്പ്)

ഓച്ചിറ
04.03.2026

എൻ. കൃഷ്ണകുമാർ
പ്രസിഡന്റ്
ഓച്ചിറ ഗ്രാമ പഞ്ചായത്ത്

# ബജറ്റ് അവതരണം

ബഹുമാനപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചെയർപേഴ്സൺ മാർ, മറ്റ് ജന പ്രതിനിധികൾ, പഞ്ചായത്ത് സെക്രട്ടറി, ജീവനക്കാർ, പത്ര മാധ്യമ പ്രവർത്തകർ, ബഹുമാന്യരെ....

ഓച്ചിറ ഗ്രാമ പഞ്ചായത്ത് 2025-30 വർഷത്തെ ഭരണസമിതിയുടെ ആദ്യ ബജറ്റാണ് ഞാൻ ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. ലോകം മുഴുവൻ എ.ഐ സാങ്കേതിക വിദ്യയിലൂടെ മുന്നേറുമ്പോൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിൽ കെ-സ്മാർട്ട് ആപ്ലിക്കേഷൻ വഴി തയ്യാറാക്കിയ ബജറ്റ് എന്ന പ്രത്യേകതയാണ് ഈ ബജറ്റിനുള്ളത്. മുൻകാലങ്ങളിൽ മാനുവലായി തയ്യാറാക്കിയ ബജറ്റുകളിൽ നിന്നും വ്യത്യസ്തമായി പൂർണ്ണമായും കെ-സ്മാർട്ട് സോഫ്റ്റ് വെയറിലൂടെയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ കൂടുതൽ കാര്യക്ഷമത കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് എടുത്ത് പറയേണ്ട ഒന്നാണ്. ബജറ്റ് എന്നത് വരവും ചെലവും ചേർന്ന കണക്കെടുപ്പ് അല്ല; ഭരണത്തിന്റെ ദിശയും മുൻഗണനകളും വ്യക്തമാക്കുന്ന രാഷ്ട്രീയ പ്രഖ്യാപനമാണ് എന്നാണ് ഞാൻ കരുതുന്നത്. ഭാരതീയ ബരണഘടനയുടെ 73-ാംഭേദഗതിയിലൂടെ ഗ്രാമ പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി ലഭിച്ചപ്പോൾ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ ജനാതിപത്യത്തിന്റെ അടിത്തറയായി മാറി. ഭരണഘടനയിലെ ആർട്ടിക്കിൾ 243ജി ഗ്രാമ പഞ്ചായത്തുകൾക്ക് സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും ഉറപ്പാക്കാനുള്ള അധികാരവും ഉത്തരവാദിത്വവും നൽകുന്നു. അതുപോലെ ആർട്ടിക്കിൾ 243എച്ച് പഞ്ചായത്തുകൾക്ക് നികുതി ചുമത്താനും ഫണ്ടുകൾ വിനിയോഗിക്കാനും അധികാരം നൽകുന്നു.

മഹാകവി കുമാരനാശൻ പറഞ്ഞതുപോലെ ചിന്തിക്കുന്നവൻ മനുഷ്യൻ ചിന്തിക്കാത്തവൻ മൃഗം എന്ന തിരിച്ചറിവോടെയാണ് ഈ ബജറ്റ് രൂപപ്പെടുത്തിയിട്ടുള്ളത്. സാമൂഹ്യ നീതി ഉറപ്പാക്കുന്ന ഭരണഘടനാ ആത്മാവിനൊപ്പം, മഹാകവി വള്ളത്തോൾ നാരായണ മേനോൻ ഉയർത്തിപ്പിടിച്ച മനുഷ്യ സമത്വത്തിന്റെ സന്ദേശവും ഈ ബജറ്റിന്റെ അടിത്തറയാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 ഉം 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളും, സ.ഉ(ആർടി)നം.3291/2016/തസ്വഭവ തീയതി 02-12-2016 ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വൽ പ്രകാരവും ഓച്ചിറഗ്രാമപഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ്, ഈ കമ്മിറ്റി മുൻപാകെ ഞാന അവതരിപ്പിക്കുകയാണ്.

2026-27 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗ മിച്ചുവരുന്നു. ഏറ്റെടുക്കേണ്ട പദ്ധതികളെക്കുറിച്ചും നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളേക്കുറിച്ചും ദീർഘവീക്ഷണം നടത്തി ഉറച്ച കാൽവെയ്പുകളോടെ മുന്നോട്ട് പോകേണ്ട അന്തരീക്ഷം സംജാതമായിരിക്കുന്നു. എല്ലാ മേഖലയിലും തുക വകയിരുത്തുവാനും മുൻ വർഷങ്ങളിലെ വികസന പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകാൻ നമ്മുടെ ഭരണ സമിതിക്ക് സാധിക്കുന്ന തരത്തിൽ ഈ ബജറ്റിൽ ഉൾക്കൊള്ളിച്ച് നീതി പുലർത്തുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഈ ഭരണസമിതി നിലവിൽ വന്നതിനുശേഷമുള്ള ആദ്യ ബജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്. മുൻവർഷങ്ങളിൽ ഈ ഗ്രാമപഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായ മഹദ്വ്യക്തികളെ നന്ദിയോടെ സ്മരിക്കുന്നു. അവർ വെട്ടിത്തെളിച്ച വഴികളിലൂടെ സഞ്ചരിക്കുവാൻ അവസരം ലഭിച്ചതിൽ അഭിമാനിക്കുകയും ചെയ്യുന്നു.

ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയ ഭരണസമിതി അംഗങ്ങൾക്കും വിവിധ വിഷയ വിദഗ്ധർക്കും സ്ഥാപനമേധാവികൾക്കും ജീവനക്കാർക്കും വിശിഷ്യ ധനകാര്യ സ്ഥിരം സമിതിയിലെ ഏറെ പ്രിയപ്പെട്ട അംഗങ്ങൾക്കും ഈ അവസരത്തിൽ നന്ദി അറിയിക്കട്ടെ.

ഓച്ചിറ ഗ്രാമ പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ ഭാഗമായുള്ള പ്രധാന പദ്ധതികളും, ബജറ്റിലൂടെ വിഭാവന ചെയ്യുന്ന നയ സമീപനവും ഈ കമ്മറ്റിയുടെ അറിവിലേയ്ക്കായി ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്.

നികുതിവരുമാന ഇനത്തിൽ 1,89,25,000/- (ഒരു കോടി എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപ, നികുതിയേതരവരുമാന ഇനത്തിൽ ഫീസ് ആന്റ് യൂസർ ചാർജ്ജ് ഇനത്തിലുള്ള 86,04,500/- (എൺപത്തി ആറ് ലക്ഷത്തി നാലായിരത്തി അഞ്ഞൂറ്)രൂപ, സെയിൽ ആന്റ് ഹയർ ചാർജ്ജ് ഇനത്തിലുള്ള 5,45,000/- (അഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരം) രൂപ, പലിശ ഇനത്തിലുള്ള 7,00,000/- (ഏഴ് ലക്ഷം) രൂപ, മുൻവർഷ വരവിനത്തിൽ 5,00,000 (അഞ്ച് ലക്ഷം) രൂപ, വാടക ഇനത്തിൽ 5,40,000/- (അഞ്ച് ലക്ഷത്തി നാൽപ്പതിനായിരം) രൂപ അനിവാര്യചുമതലകൾക്കായി സംസ്ഥാന സർക്കാർ ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ നൽകുന്ന 2,50,08,000/- (രണ്ട് കോടി അൻപത് ലക്ഷത്തി എണ്ണായിരം) രൂപ, പദ്ധതി ചെലവിനായി ലഭിക്കുന്ന 16,96,55,000/- (പതിനാറ് കോടി തൊണ്ണൂറ്റി ആറ്  ലക്ഷത്തി അൻപത്തി അയ്യായിരം) രൂപ, സാമൂഹ്യസുരക്ഷിതത്വ പെൻഷൻ ഇനത്തിൽ ലഭിക്കുന്ന 9,49,00,000/- (ഒൻപത് കോടി നാൽപ്പത്തി ഒൻപത് ലക്ഷം)രൂപ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി വഴി ലഭിക്കുന്ന 5,00,00,000/- (അഞ്ച് കോടി) രൂപ, വായ്പ ഇനത്തിൽ ലഭിക്കുന്ന 1,80,00,000/- (ഒരു കോടി എൺപത് ലക്ഷം) രൂപ; പ്രാരംഭ ബാക്കി ഇനത്തിലുള്ള 3,66,44,546/- (മൂന്ന് കോടി അറുപത്തി ആറ് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി അഞ്ഞൂറ്റി നാപ്പത്തി ആറ്) രൂപ, എന്നിവ ഉൾപ്പടെ 38,11,62,046/- (മുപ്പത്തി എട്ട് കോടി പതിനൊന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാൽപ്പത്തി ആറ്) രൂപയാണ് ഓച്ചിറ ഗ്രാമപഞ്ചായത്തിൽ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവുകൾ. 37,23,22,000/- (മുപ്പത്തി ഏഴ് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരം) രൂപയ്ക്കുള്ള പ്രതീക്ഷിത ചെലവും 8840046/- (എൺപത്തി എട്ട് ലക്ഷത്തി നാൽപ്പതിനായിരത്തി നാൽപ്പത്തി ആറ്) രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

ഈ പദ്ധതി കാലയളവിലും മുൻ വർഷങ്ങളിലെപ്പോലെ തനതു വരുമാന മാർഗ്ഗങ്ങളായ കെട്ടിടനികുതി, തൊഴിൽനികുതി, മറ്റ് ധനാഗമ മാർഗ്ഗങ്ങളും 100% സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതായിരിക്കും.

പദ്ധതി ചെലവുകൾക്കായി പൊതു വിഭാഗം പദ്ധതി വിഹിതമായി 3,26,29,000/- (മൂന്ന് കോടി ഇരുപത്തി ആറ് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരം) രൂപയും,

പട്ടികജാതി പദ്ധതി വിഹിതമായി 79,93,000/- (എഴുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം) രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 90,47,000/- (തൊണ്ണൂറ് ലക്ഷത്തി നാൽപ്പത്തി ഏഴായിരം) രൂപയും, മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 2,86,58,000/- (രണ്ട് കോടി എൺപത്തി ആറ് ലക്ഷത്തി അൻപത്തി എണ്ണായിരം) രൂപയും, ജനറൽ പർപ്പസ് ഗ്രാന്റ് 2,50,08,000/- (രണ്ട് കോടി അൻപത് ലക്ഷത്തി എണ്ണായിരം) രൂപയുമാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക കൂടി ഉൾപ്പെട്ടതാണ് പദ്ധതി വകയിരുത്തൽ.

ഭരണഘടനാ സ്ഥാപനമായ ഗ്രാമപഞ്ചായത്തിന് അനിവാര്യ ചുമതലകൾക്ക് തുക വകയിരുത്തേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം, യാത്രാ ആനുകൂല്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, സിറ്റിംഗ് ഫീ, യാത്രാബത്ത തുടങ്ങിയ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 2,22,90,000/- (രണ്ട് കോടി ഇരുപത്തി രണ്ട് ലക്ഷത്തി തൊമ്ണൂറായിരം രൂപ നീക്കി വെച്ചിട്ടുണ്ട്. ഓഫീസ് ചെലവുകൾ, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഭരണ ചെലവുകൾ, അച്ചടി, പരസ്യം. ഓഫീസ് ഭരണച്ചെലവുകൾ, അടിയന്തിര ചെലവുകൾ, പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടേയും ഹൈമാസ്റ്റ് ലൈറ്റുകളുടേയും വൈദ്യുതചാർജ്ജ്, ബാങ്ക് ചാർജ്ജ്, പൊതുടാപ്പുകളുടെ വാട്ടർചാർജ് എന്നിവ ഇനത്തിൽ 1,01,87,000/- (ഒരു കോടി ഒരു ലക്ഷത്തി എൺപത്തി ഏഴായിരം) രൂപയും നീക്കി വെച്ചിട്ടുണ്ട്.

ഓച്ചിറ ഗ്രാമപഞ്ചായത്ത് 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങൾക്കു മുൻപിൽ അവതരിപ്പിക്കുമ്പോൾ കാർഷികമേഖലയ്ക്കും, വിദ്യാഭ്യാസമേഖലയ്ക്കും ഭവന നിർമ്മാണത്തിനും സംയുക്ത പരിഗണന നൽകുന്നതോടൊപ്പം ഭവനപദ്ധതിക്കും ആരോഗ്യമേഖലയ്ക്കും മൃഗസംരക്ഷണ മേഖലയ്ക്കും പ്രാധാന്യം നൽകുന്നു. പഞ്ചായത്തിന്റെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ടും പഞ്ചായത്തിന്റെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സൌകര്യങ്ങൾ ഒരുക്കുന്നതിനുമായി ഷോപ്പിങ്ങ് കോംപ്ലക്സ് ഉൾപ്പടെയുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കാൻ ആവശ്യമായ തുകയും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രക്രിയ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ എം.സി.എഫ് നായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായും ഈ ബജറ്റിൽ തുക വകയിരുത്തുന്നു.

<u>മേഖല അടിസ്ഥാനത്തിലുള്ള വകയിരുത്തലുകൾ</u>

ഉത്പാദന മേഖലകൾ:

കൃഷിക്കും മൃഗസംരക്ഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും അനുബന്ധ മേഖലകൾക്കുമായി ഉത്പാദന മേഖലയിൽ 1,12,16,000/- (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി പതിനാറായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. എള്ള് കൃഷി വ്യാപനം, നെല്ല് കൃഷിവ്യാപനം, കേര ഗ്രാമം പദ്ധതി, പച്ചക്കറി കൃഷി വ്യാപനം, തെങ്ങിന് പുനരുജ്ജീവനം പദ്ധതി, പാലിന് സബ്സിഡി, പോത്തുകുട്ടി വിതരണം, വന്യമൃഗ ശല്യം ഒഴിവാക്കാനായി സോളാർ വേലി നിർമ്മാണത്തിന് സബ്സിഡി, കന്നുകുട്ടി പരിപാലന പദ്ധതി, കിടാരി സംരക്ഷണ പദ്ധതി, എ.ബി.സി പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ കാർഷികമേഖലയുടെ അഭിവൃദ്ധിക്കായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ജൈവവളയൂണിറ്റ് നിർമ്മാണം, ഹരിതകർമ്മസേനയ്ക്ക് പാഴ് വസ്തുക്കളിൽ നിന്നും

ഫ്ലോട്ട് നിർമ്മാണ യൂണിറ്റ്, ഭിന്നശേഷി കുട്ടികളുടെ മാതാവിന് തൊഴിൽ സംരംഭം എന്നിവ വഴി വരുമാനദായകമായ പദ്ധതിയും ഈ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സേവന മേഖലകൾ

സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ് വരുത്തി ജെന്റർ ന്യൂട്രാലിറ്റിയിലൂടെ പഞ്ചായത്തിനെ ബാല സൗഹൃദ, സ്ത്രീ സൗഹൃദ, വയോജന സൗഹൃദ, പഞ്ചായത്തായി മാറ്റുന്നതിനുള്ള പദ്ധതികളും ഈ ബജറ്റിന്റെ ഭാഗമാണ്. വനിതാ ഘടക പദ്ധതിയിൽ ജനകീയ ഹോട്ടൽ- പ്രവർത്തന ചെലവ്, വിവാഹധനസഹായം എസ്.പി.സി, ജാഗ്രതസമിതി പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർക്ക് വേതനം നൽകലും, വനിത യോഗപരിശീലനം, ജൈവവളനിർമ്മാണയൂണിറ്റ്, ഹരിതകർമ്മസേന –പാഴ് വസ്തുക്കളിൽനിന്നും ഫ്ലോട്ട് നിർമ്മാണയൂണിറ്റ്, കേരഗ്രാമം പദ്ധതി, മെൻസ്ട്രൽ കപ്പ് വിതരണം, ഭിന്നശേഷി കുട്ടികളുടെ മാതാവിന് തൊഴിൽ സംരംഭം എന്നീ പദ്ധതികളിലായി 70,69,000/- (എഴുപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരം) രൂപയും, കുട്ടികൾക്കായി ഭിന്നശേഷികുട്ടികൾക്ക് മരുന്ന് വാങ്ങൽ, അങ്കണവാടി കുട്ടികളുടെ കലാകായികമേള, എൽ പി സ്കൂൾ കുട്ടികൾക്ക് ഭാഷാ പഠനം, ഗവ. എൽ.പി സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം എന്നീ വിഭാഗങ്ങളിലായി 12,30,000/- (പന്ത്രണ്ട് ലക്ഷത്തി മുപ്പതിനായിരം) രൂപയും വകയിരുത്തിയിട്ടുണ്ട്.

വയോജനങ്ങളുടെ ക്ഷേമത്തിന്റെ ഭാഗമായി പകൽ വീട് ചെലവുകൾക്കായി 6,00,000/- (ആറ് ലക്ഷം) രൂപ വകയിരുത്തുന്നത്. യുവതികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഭിന്നശേഷി സ്കോളർഷിപ്പ് 20,00,000/- (ഇരുപത് ലക്ഷം) രൂപ കൂടാതെ ബഡ്സ് സ്കൂൾ പ്രവർത്തന ഫണ്ട്, ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം, ഭിന്നശേഷികുട്ടികളുടെ കലാമേള എന്നീ ഇനങ്ങളിലായി 22,75,000/- (ഇരുപത്തി രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപയും ബഡ്സ് സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി 2000000/- (ഇരുപത് ലക്ഷം) രൂപയും വകയിരുത്തുന്നു.

സേവന മേഖലയിൽ അങ്കണവാടി പോഷകാഹാര പദ്ധതികൾക്ക് 65,00,000/- (അറുപത്തി അഞ്ച് ലക്ഷം) രൂപയും, അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായുള്ള ഭക്ഷണം നൽകുന്നതിന് 3,50,000/- (മൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപയും, ബഡ്സ് സ്കൂൾ കൂട്ടികളുടെ ഭക്ഷണ ചെലവ് ഇത്തിൽ 5,00,000/- (അഞ്ച് ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്. അങ്കണവാടികൾ സ്മാർട്-ഹൈടെക്ക് അങ്കണവാടികളായി പരിവർത്തനം ചെയ്യുന്നതിന് തുടർ പദ്ധതി വിഭാവനം ചെയ്യുന്നു. കൂടാതെ അങ്കണവാടികളുടെ മെയിന്റനൻസിനായി 14,58,600/- (പതിനാല് ലക്ഷത്തി അൻപത്തി എണ്ണായിരത്തി അറുനൂറ്) രൂപ വകയിരുത്തുന്നു. അങ്കണവാടി കുട്ടികളുടെ കലാ-കായിക മേള നടത്തുന്നതിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സേവന മേഖലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി

സമഗ്രശിക്ഷാകേരളം ഉൾപ്പടെയുള്ള പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ എൽ.പി.സ്കൂളുകളുടെ അറ്റകുറ്റപണിക്കായ് സ്മാർട്ട് ക്ലാസ് റൂം മെയിന്റനൻസ് ഉൾപ്പടെ 20,00,000/- (ഇരുപത് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്. സാമൂഹിക വിപത്തുകളായ മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണം നടത്തുന്നതിനും ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു. ഇതിനായി 1,00,000/- (ഒരു ലക്ഷം) രൂപ വകയിരുത്തുന്നു. കലാ-സാംസ്കാരിക- യുവജനക്ഷേമ പദ്ധതികൾക്കായും വായനശാലകൾക്കായും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. യുവജനക്ഷേമ ബോർഡുമായി ചേർന്ന് സംയുക്തമായി ഈ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2,00,000/- (രണ്ട് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് കൂടാതെ കേരളോത്സവം നടത്തിപ്പിനായി 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം) രൂപയും വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതിവിഭാഗക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികളിലായി 79,93,000/- (എഴുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. ഉല്പാദന മേഖലയിലെ പദ്ധതികൾ കൂടാതെ വിവാഹധനസഹായം, ഭവനപുനരുദ്ധാരണം, മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന് പദ്ധതികൾ ഏറ്റെടുക്കുന്നു. ആയതിലേക്ക് ബഡ്ജറ്റിൽ തുകവകയിരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഭവന രഹിതരായ നിരവധിപേർക്ക് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണ ആനുകൂല്യം നൽകുയും സ്വന്തമായൊരു ഭവനം എന്ന ആഗ്രഹം സാക്ഷാത്കരിക്കാൻ സഹായിക്കുയും ചെയ്തിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ടതും അല്ലാത്തതുമായി നിരവധി കുടുംബങ്ങൾക്ക് ഇനിയും ഭവനം ലഭ്യമാക്കേണ്ടതുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണത്തിനായി വസ്തുവാങ്ങി ഭവന നിർമ്മാണം ഉൾപ്പടെയുള്ള പദ്ധതികൾക്കായി 4,11,35,000/- (നാല് കോടി പതിനൊന്ന് ലക്ഷത്തി മുപ്പത്തി അയ്യായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് ഭവനപദ്ധതിയിൽ വസ്തു വാങ്ങുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ സമ്പൂർണ്ണ ഭവനപദ്ധതിക്ക് ഈ വർഷത്തെ ബജറ്റ് ലക്ഷ്യംവെക്കുന്നു. വീട് വാസയോഗ്യമാക്കുന്നതിന് ഭവനപുനരുദ്ധാരണത്തിനുമായി 19,00,000/- (പത്തൊൻപത് ലക്ഷം) രൂപയുടെ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

സേവന മേഖലയിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം, പൊതു ആരോഗ്യ സംവിധാനങ്ങൾ, പൊതു ജനാരോഗ്യസംരക്ഷണം, എന്നിവയ്ക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. വിവിധരോഗങ്ങളാൽ കഷ്ടപ്പെടുന്ന കിടപ്പ് രോഗികൾക്ക് ആശ്വാസമായി പാലിയേറ്റീവ് കെയർ കാര്യക്ഷമമായി നടപ്പാക്കുന്നതിനും തുകവകയിരുത്തിയിട്ടുണ്ട്. സമൂഹത്തിൽ കാൻസർ-വൃക്ക രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരം രോഗങ്ങൾ സംബന്ധി അവബോധം വളർത്തുന്നതിന് ബോധവത്ക്കരണം നടത്തുന്നതിനും, ജീവിതശൈലിരോഗ നിർണ്ണയം നടത്തുന്നതിനും ഈ ബജറ്റ് പ്രത്യേകം ശ്രദ്ധ

നൽകിയിട്ടുണ്ട്. ജീവിതശൈലിരോഗങ്ങൾക്ക് ആയുർവ്വേദ മരുന്ന് നൽകുന്ന പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേക്കും തുക വകയിരുത്തിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ ഇനത്തിൽ നമ്മുടെ പഞ്ചായത്തിൽ 2026-27 വർഷത്തിൽ 9,49,00,000/- (ഒൻപതി കോടി നാൽപ്പത്തി ഒൻപത് ലക്ഷം) രൂപ യാണ് ബജറ്റിന്റെ ഭാഗമാക്കിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് മേഖലയിലെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ കൊണ്ടു വന്ന വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) 2025 പദ്ധതിയിൽ ഉൾപ്പെടുത്തി ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി 5,00,00,000/ രൂപയും വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബശ്രീ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജനകീയഹോട്ടലിനും പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

ഹരിതകർമ്മ സേനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയും, പൊതുജനങ്ങളുടെയും, വ്യാപാരി-വ്യവസായി സമൂഹത്തിന്റെയും പൂർണ്ണ സഹകരണത്തോടെ മാലിന്യമുക്ത പഞ്ചായത്തായിൽ നമ്മുടെ പഞ്ചായത്തിനെ മാറ്റാൻ നമുക്ക് കഴിയണം എന്ന ആശയം മുൻനിർത്തിയുള്ള പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷവും തുക വകയിരുത്തിയിട്ടുണ്ട്. ഹരിതകർമ്മ സേന പ്രവർത്തകരുടെ പ്രവർത്തനഫലമായി 100% യൂസർഫീ ശേഖരിക്കാൻ കഴിയത്തക്ക രീതിയിൽ ഹരിതമിത്രം ആപ്പ് വഴി പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സേനയുടെ പ്രവർത്തനം കൃത്യമായി മോണിട്ടർ ചെയ്യാനും യൂസർഫീ പൂർണ്ണമായും പിരിച്ചെടുക്കാനും ഇതുവഴി സാധിയ്ക്കുന്നതാണ്. പൊതുശുചിത്വമേഖലയിൽ ഹരിത സഹായ സ്ഥാപനം- വേതനം നൽകൽ, ഓച്ചിറ –ഉദ്യാന നഗരം മൂന്നാംഘട്ടം, എം.സി.എഫ് - ലെഗസി മാലിന്യം നീക്കം ചെയ്യൽ എന്നീ പദ്ധതികൾക്കായി ബജറ്റിൽ 18,50,000/- (പതിനെട്ട് ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണത്തിനായുള്ള പുതിയ എം.സി.എഫ് നിർമ്മാണത്തിനും ഈ ബജറ്റിൽ തുക വകയിരുത്തുന്നു.

പശ്ചാത്തലമേഖലകൾ:

പുതിയ റോഡുകളുടെ നിർമ്മാണവും, നിലവിലുള്ളവയുടെ സംരക്ഷണവും ഈ മേഖലയിലെ ഏറ്റവും പ്രധാന ആവശ്യമാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതമായി ലഭിയ്ക്കുന്ന തുകയും, പഞ്ചായത്തിന്റെ തനത് വരുമാനവും ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്. ഷോപ്പിങ്ങ് കോംപ്ലക്സ് ഉൾപ്പടെയുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണവും, ഘടക സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും, പുനരുദ്ധാരണവും ഈ ബജറ്റിന്റെ ഭാഗമാണ്. മെയിന്റനൻസ് ഗ്രാന്റ്-റോഡിനത്തിൽ ലഭിക്കുന്ന 1,93,16,000/- (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി പതിനാറായിരം) രൂപ പൂർണ്ണമായും റോഡ് നവീകരണ പ്രവർത്തികൾക്കായും, ഘടക സ്ഥാപനങ്ങളുടെ

ആസ്തിസംരക്ഷണത്തിനായി മെയിൻറനൻസ് ഗ്രാൻറ് - നോൺ റോഡിനത്തിൽ ലഭിക്കുന്ന 93,42,000/- (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി നാൽപ്പത്തി രണ്ടായിരം) രൂപ ടി സ്ഥാപനങ്ങളുടെ മെയിന്റനൻസ് പ്രവർത്തികൾക്കായും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റോഡുകളുടെ കോൺക്രീറ്റ്, ടാറിങ്ങ് എന്നിവയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് കൂടാതെ 2,38,85,000/- (രണ്ട് കോടി മുപ്പത്തി എട്ട് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ വകയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിയ്ക്കുന്ന ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, മറ്റ് പഞ്ചായത്ത് അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി, ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മ സേന പ്രവർത്തകർ, ആശാ പ്രവർത്തകർ, സന്നദ്ധ സേവകർ തുടങ്ങിയ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവർക്കും ഈ ഭരണസമിതിയുടെ പേരിൽ നന്ദി അർപ്പിക്കുവാൻ കൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ജനക്ഷേമകരമായ പദ്ധതികൾക്കും, എല്ലാ മേഖലയിലേയും വികസന പദ്ധതികൾക്കും തുക നീക്കിവയ്ക്കുന്നതിലൂടെ ഗ്രാമ പഞ്ചായത്തിന്റെ സമഗ്രപുരോഗതി ഈ ബജറ്റിലൂടെ ലക്ഷ്യംവെക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ മുന്നേറ്റത്തിന് ഈ ബജറ്റിന് സാധിക്കും എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. നിങ്ങളുടെ ക്രിയാത്മകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചർച്ചകളുംഈ ബജറ്റ് കുറ്റമറ്റതാക്കിമാറ്റുന്നതിന് ഉണ്ടാകണം

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിൻബലം നൽകുന്നതിനായി ഓച്ചിറ ഗ്രാമപഞ്ചായത്തിറെ 38,11,62,046/- (മുപ്പത്തി എട്ട് കോടി പതിനൊന്ന് ലക്ഷത്തി അറുപത്തി രാണ്ടായിരത്തി നാൽപ്പത്തി ആറ്) രൂപ പ്രതീക്ഷിത വരവും, 37,23,22,000/- (മുപ്പത്തി ഏഴ് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരം) രൂപയ്ക്കുള്ള പ്രതീക്ഷിത ചെലവും, 8840046/- (എൺപത്തി എട്ട് ലക്ഷത്തി നാൽപ്പതിനായിരത്തി നാൽപ്പത്തി ആറ്) രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2026-27 വർഷത്തെ കരട് ബജറ്റ് ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഭരണസമിതി മുമ്പാകെ സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

(ഒപ്പ്)
മുബീന നാസിം
വൈസ് പ്രസിഡന്റ്
&
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ

# Oachira Grama Panchayat

**Budget Summary**

**2026-2027**

| SN | PARTICULARS | BUDGET FOR THE CURRENT YEAR 2025-26 | BUDGET FOR NEXT YEAR 2026-27 |
|---|---|---|---|
| 1 | Opening Balance | 53141264 | 36644546 |
| 2 | Total Revenue Receipts | 117086952 | 149722500 |
| 3 | Total Capital Receipts | 246485889 | 194795000 |
| 4 | Total Receipts | 363572841 | 344517500 |
| 5 | Grand Total | 416714105 | 380002055 |
| 6 | Total Revenue Expenditure | 320457017 | 281525000 |
| 7 | Total Capital Expenditure | 59612542 | 90797000 |
| 8 | Total Expenditure | 380069559 | 372322000 |
| 9 | Closing Balance | 36644546 | 8840046 |
| 10 | Poverty Alleviation Fund | 50000000 | 50000000 |

| | | | |
|---|---|---|---|
| | Oachira Grama Panchayat | | |
| | Major Headwise Report | | |
| | 2026-2027 | | |
| N | HEAD OF ACCOUNTS | BUDGET FOR THE CURRENT YEAR 2025-26 | BUDGET FOR NEXT YEAR 2026-27 |
| | Revenue Receipt - 1 | | |
| | Tax Revenues - 110 | | 18925000 |
| | Fees and User Charges - 140 | | 8604500 |
| | Sale and Hire Charges - 150 | | 545000 |
| | Revenue Grants, Contributions and Subsidies - 160 | | 119908000 |
| | Income from Investments - 170 | | 500000 |
| | Interest Earned - 171 | | 200000 |
| | Prior Period Items - 280 | | 500000 |
| | Rental Income - LB Properties - 130 | | 540000 |
| | Total Revenue Receipt | 117086952 | 149722500 |
| | Capital Receipt - 2 | | |
| | Grants, Contribution for Specific Purposes - 320 | | 169655000 |
| 0 | Secured Loans - 330 | | 18000000 |
| 1 | Deposits Received - 340 | | 1010000 |
| 2 | Other Liabilities - 350 | | 4455000 |
| 3 | Loans, Advances and Deposits - 460 | | 1675000 |
| | Total Capital Receipt | 246485889 | 194795000 |
| | Revenue Expenditure - 3 | | |
| 4 | Establishment Expenses - 210 | | 22290000 |
| 5 | Administrative Expenses - 220 | | 4567000 |
| 6 | Operation and Maintenance - 230 | | 5500000 |
| 7 | Interest and Finance Charges - 240 | | 20000 |
| | Programe Expenses - 250 | | 50100000 |

| | | | |
|---|---|---|---|
| 8 | | | |
| 9 | Expenses Related to Productive Sector - 251 | | 11216000 |
| 0 | Expenses Related to Service Sector - 252 | | 66869000 |
| 1 | Expenses Related to Infrastructure Sector - 253 | | 25643000 |
| 2 | Expenses related to State Sponsored Schemes - 254 | | 94900000 |
| 3 | Revenue Grants, Cotributions and Subsidies - 260 | | 420000 |
| | Total Revenue Expenditure | 320457017 | 281525000 |
| | Capital Expenditure - 4 | | |
| 4 | Grants, Contribution for Specific Purposes - 320 | | 0 |
| 5 | Repayment of Secured Loans - 330 | | 0 |
| 6 | Refund of Deposits - 340 | | 1010000 |
| 7 | Payment of Recoveries - 350 | | 6505000 |
| 8 | Fixed Assets - 410 | | 81382000 |
| 9 | Stock in Hand - 430 | | 0 |
| 0 | Loans, Advances and Deposits - 460 | | 1900000 |
| | Total Capital Expenditure | 59612542 | 90797000 |
| | Total Expenditure | 380069559 | 372322000 |
| | Total Receipts | 363572841 | 344517500 |
| | Opening Balance | 53141264 | 36644546 |
| | Opening Balance+Total Receipts | 416714105 | 381162046 |
| | Balance | 36644546 | 8840046 |

# ബജറ്റ് 2026-2027

| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| | ഓപ്പണിങ് ബാലൻസ് | 53141264 | 36644546 |
| | വരുമാന രസീത് - 1 | | |
| | നികുതി വരുമാനം - 110 | | |
| 1 | 1100101 വസ്തു നികുതി | 14000000 | 14500000 |
| 2 | 1101001 തൊഴിൽ നികുതി - ജീവനക്കാർ | 2700000 | 2750000 |
| 3 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 1200000 | 1250000 |
| 4 | 1108004 വിനോദനികുതി | 400000 | 425000 |
| | ആകെ നികുതി വരുമാനം | 18300000 | 18925000 |
| | ഫീസും ഉപയോക്തൃ നിരക്കുകളും - 140 | | |
| 5 | 1401001 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | 45000 | 50000 |
| 6 | 1401002 ട്യൂട്ടോറിയൽ കോളേജുകളുടെ രജിസ്ട്രേഷൻ ഫീ | 5000 | 5000 |
| 7 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 500000 | 600000 |
| 8 | 1401103 പിപിആർ നിയമപ്രകാരമുള്ള ലൈസൻസ് ഫീ | 0 | 300000 |
| 9 | 1401105 വളർത്തു മൃഗങ്ങൾക്കുള്ള  ലൈസൻസ് ഫീസ് | 0 | 15000 |

| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| 10 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 10000 | 10000 |
| 11 | 1401199 മറ്റ് ലൈസൻസ് ഫീസുകൾ | 695000 | 700000 |
| 12 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 1500000 | 2000000 |
| 13 | 1401202 യന്ത്രം സ്ഥാപിക്കുന്നതിനുള്ള ഫീസ് | 0 | 100000 |
| 14 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | 200000 | 250000 |
| 15 | 1401205 ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഫീസ് | 50000 | 50000 |
| 16 | 1401302 ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 1000 | 2000 |
| 17 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 20000 | 25000 |
| 18 | 1401305 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | 1000 | 1000 |
| 19 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 5000 | 5000 |
| 20 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 75000 | 75000 |
| 21 | 1401401 വിവരാവകാശനിയമപ്രകാരമുള്ള ഫീസ് | 0 | 20000 |
| 22 | 1401701 ക്രമവൽക്കരണ ഫീസ് | 2000000 | 2050000 |
| 23 | 1401801 അപേക്ഷാ ഫീസ് | 0 | 5000 |
| 24 | 1402001 പിഴപ്പലിശ | 15000 | 25000 |
| 25 | 1402003 മറ്റ് പിഴകളും ശിക്ഷകളും | 240000 | 240000 |
| 26 | 1402004 കോമ്പൗണ്ടിംഗ് ഫീ | 50000 | 50000 |
| 27 | 1402005 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 100000 | 150000 |
| 28 | 1402006 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 10000 | 10000 |

| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| 29 | 1404002 നോട്ടീസ് ഫീസ് | 40000 | 40000 |
| 30 | 1404003 വാറണ്ട് ഫീസ് | 500 | 500 |
| 31 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | 60000 | 70000 |
| 32 | 1404008 താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 10000 | 10000 |
| 33 | 1404009 തിരച്ചിൽ ഫീസ് | 1000 | 2000 |
| 34 | 1404011 ലേറ്റ് ഫീ | 40000 | 40000 |
| 35 | 1404099 മറ്റ് ഫീസുകൾ | 1000 | 2000 |
| 36 | 1405008 ലൈബ്രറികളിൽ നിന്നുള്ള വരവ് | 1000 | 2000 |
| 37 | 1405021 പാർക്കിംഗ് ഫീ | 0 | 200000 |
| 38 | 1407001 റോഡു് മുറിക്കുന്നതിനുള്ള ചാർജ്ജുകൾ | 1000000 | 1500000 |
| | ആകെ ഫീസും ഉപയോക്തൃ നിരക്കുകളും | 6675500 | 8604500 |
| | വിൽപ്പന, വാടക നിരക്കുകൾ - 150 | | |
| 39 | 1501102 ടെന്റർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 250000 | 275000 |
| 40 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 200000 | 200000 |
| 41 | 1501203 കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള വരവ് | 20000 | 20000 |
| 42 | 1503001 പലവക വിൽപ്പനകളിൽ നിന്നുള്ള വരവ് | 0 | 25000 |
| 43 | 1504102 മറ്റ് ഉപകരണങ്ങളിൽ നിന്നുള്ള വാടക | 0 | 25000 |
| | ആകെ വിൽപ്പന, വാടക നിരക്കുകൾ | 470000 | 545000 |

| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160 | | |
| 44 | 1601010 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 5000000 | 6000000 |
| 45 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവപെൻഷൻ | 17000000 | 18000000 |
| 46 | 1601013 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 700000 | 800000 |
| 47 | 1601014 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 6000000 | 6500000 |
| 48 | 1601016 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 500000 | 600000 |
